കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രതിസന്ധി

37 (383) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

(ബി) ചീമേനി താപനിലയം യാഥാർത്ഥ്യമായാൽ കാസർഗോഡ് ഇന്നനുഭവിക്കുന്ന വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരമാകുമെന്ന് കരുതുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിനനുസൃതമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഡി) ചീമേനി താപനിലയവുമായി ബന്ധപ്പെട്ട് സമന്വയമുണ്ടാക്കുന്നതിന് ജില്ലയിലെ ജനപ്രതിനിധികളെയും പ്രധാന രാഷ്ട്രീയകക്ഷി പ്രതിനിധികളെയും ഡൽഹിയിൽ പ്രവർത്തിച്ച് വരുന്ന താപനിലയങ്ങൾ കാണുന്നതിന് അവസരമുണ്ടാക്കാൻ ആവിഷ്കരിച്ചിരുന്ന പരിപാടി റദ്ദ് ചെയ്യുതിനുള്ള കാരണമെന്താണ് ;

(ഇ) ടി താപനിലയം യാഥാർത്ഥ്യമാകുന്നതിന് തടസ്സം നിൽക്കുന്ന ഘടകങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ വിതരണ രംഗത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിലേക്ക് പുതിയ 11 കെ.വി. ലൈൻ വലിച്ച് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കുന്നതിനും നടപടികൾ സ്വകരിച്ചുകൊണ്ടിരിക്കുന്നു. ഇതിനായി 2014-15 സാമ്പത്തിക വർഷം ബോർഡിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 63.93 കി.മീ. 11 കെ.വി. ലൈൻ വലിക്കുകയും 127 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 191.96 കി.മീ. എൽ.റ്റി. ലൈൻ വലിക്കുകയും 98.17 കി.മീ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ആർ.ജി.ജി.വി.വൈ. പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ 85.796 കി.മീ. 11 കെ.വി. ലൈൻ വലിക്കുകയും 96 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 360.867 കി.മീ. എൽ.റ്റി. ലൈൻ വലിക്കുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ് നഗരത്തിൽ എ.പി.ഡി.ആർ.പി. സ്കീമിൽ സ്ഥാപിച്ച 11 കെ.വി. ഭൂഗർഭ കേബിൾ ചാർജ്ജ് ചെയ്യുന്നതിന് പി.റ്റി.സി.സി. അനുമതി ലഭിക്കുന്നതിനായി പ്രസ്തുത കേബിളും ബി.എസ്.എൻ.എൽ. കേബിളും തമ്മിലുള്ള അകലം കണ്ടെത്തുന്നതിനായി ground penetrating scanning ജോലികൾ ഉടൻ ആരംഭിക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ വിവിധ വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 5-8-2014-ന് ഒരു യോഗം ചേർന്നിരുന്നു. അടുത്ത യോഗം 2015 മാർച്ച് മാസത്തിൽ ചേരുവാൻ തീരുമാനിച്ചിരിക്കുകയാണ്. വൈദ്യുതിയുടെ ഉയർന്നു വരുന്ന ആവശ്യകത നേരിടുന്നതിനായി 110 കെ.വി. കാഞ്ഞങ്ങാട് സബ് സ്റ്റേഷനിലെ 110/11 കെ.വി. ട്രാൻസ്ഫോർമറുകളുടെ ശേഷി 2x10 MVA-യിൽ നിന്നും 2x12.5 MVA ആയി വർദ്ധിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. കൂടാതെ ടി സബ്സ്റ്റേഷനിൽ രണ്ടാമത്തെ 110/33 കെ.വി. 16 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന ജോലിയും പുരോഗമിച്ചു വരുന്നു. കാഞ്ഞങ്ങാട് 2x5 എം.വി.എ. ശേഷിയുള്ള പുതിയ 33 കെ.വി. സബ് സ്റ്റേഷന്റെ പ്രവൃത്തി നടന്നുവരുന്നു. ബേളൂർ 33 കെ.വി. സബ് സ്റ്റേഷന്റെ ശേഷി 1x5 എം.വി.എ.-യിൽ നിന്നും 2x5 എം.വി.എ. ആയി ഉയർത്തുന്ന ജോലിയും ആരംഭിച്ചിട്ടുണ്ട്. കാസർഗോഡ് വിദ്യാനഗർ സബ്സ്റ്റേഷന്റെ 110/11 കെ.വി. ട്രാൻസ്ഫോർമറിന്റെ ശേഷി 2x10 MVA-യിൽനിന്ന് 2x20 MVA ആയി ഉയർത്തുന്ന ജോലി നടന്നുവരുന്നു. ഇതിൽ ഒരു 10 MVA ട്രാൻസ്ഫോർമർ ഇതിനകംതന്നെ 20 MVA ആയി ഉയർത്തിയിട്ടുണ്ട്. 2x5 MVA കാസർഗോഡ് ടൗൺ 33 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണ ജോലിയും ആരംഭിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിലേക്കായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. മലയോര മേഖലയായ രാജപുരത്ത് 33 കെ.വി. സബ്സ്റ്റേഷനു വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.
2. മൈലാട്ടി മുതൽ തവിഡുഗോളി വരെയുള്ള 110 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ ഇരട്ടിയാക്കുന്നതിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്.
3. ബദിയഡുക്ക 33 കെ.വി. സബ് സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായി രണ്ടാമത്തെ 5 എം.വി.എ.-യുടെ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന ജോലി ഉടനെ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.
4. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി മൈലാട്ടി 220 കെ.വി. സബ് സ്റ്റേഷനിലെ കേടായ കപ്പാസിറ്റർ യൂണിറ്റ് മാറ്റി സ്ഥാപിക്കുന്ന ജോലി പുരോഗമിക്കുന്നു.

(ബി) ചീമേനി താപനിലയം യാഥാർത്ഥ്യമായാൽ കാസർഗോഡ് ഉൾപ്പെടെ വടക്കൻ മലബാറിലെ മുഴുവൻ പ്രദേശങ്ങളിലെയും വൈദ്യുതി പ്രതിസന്ധിക്ക് ഒരു ശാശ്വത പരിഹാരം ലഭ്യമാകും.

(സി-ഇ) കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി ഊർജ്ജ വകുപ്പുമന്ത്രിയുടെ ചേംബറിൽ വച്ച് 19-6-2014-ന് നടന്ന യോഗത്തിൽ ചീമേനി വൈദ്യുതി നിലയം സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത മന്ത്രി ബോധ്യപ്പെടുത്തുകയുണ്ടായി. പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സമായി നിൽക്കുന്ന തദ്ദേശവാസികളുടെ എതിർപ്പ് ഇല്ലാതാക്കുന്നതിനായി ജില്ലയിലെ ജനപ്രതിനിധികളും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു സംഘം എൻ.റ്റി.പി.സി.-യുടെ Dadri, jajjar താപനിലയങ്ങൾ സന്ദർശിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ജില്ലയിലെ ജനപ്രതിനിധികളും പ്രധാന രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികളും സമവായത്തിൽ എത്താത്തതുമൂലം സന്ദർശന പരിപാടി മാറ്റിവയ്ക്കപ്പെടുകയാണുണ്ടായത്.

സംസ്ഥാനത്തെ വൈദ്യുതി ലഭ്യത

38 (384) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി ലഭ്യതയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ ;

(ബി) ഈ വർഷം ലോഡ് ഷെഡ്ഡിംഗോ, പവർകട്ടോ ആവശ്യമായി വരുമോയെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് പുറമെ അവശ്യ ഘട്ടത്തിൽ പുറത്ത് നിന്നും, വൈദ്യുതി വാങ്ങുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഡി) ദക്ഷിണ ഗ്രിഡിൽ S1 മേഖലയിൽ നിന്നും S2 മേഖലയിലേക്ക് വൈദ്യുതി കൊണ്ടുവരുന്നതിന് പ്രസരണ ശൃംഖലയിൽ എന്തെങ്കിലും പ്രയാസം നേരിടുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഇ) വൈദ്യുതി ബോർഡിന്റെ ബി.ഡി.പി.പി. നിലയം എൽ.എൻ.ജി. അടിസ്ഥാനമാക്കിയുള്ള നിലയമാക്കി മാറ്റുന്നതിനും, പുതിയ ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണത്തിനും ഉള്ള പ്രവർത്തന പുരോഗതി വിശദമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ഇപ്പോഴത്തെ പ്രതിദിന ശരാശരി ഉപയോഗം 63 ദശലക്ഷം യൂണിറ്റാണ്. ഇത് മാർച്ച് മാസം അവസാനത്തോടെ ശരാശരി 70 ദശലക്ഷം യൂണിറ്റാകുമെന്നാണ് കരുതുന്നത്. ഈ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത താഴെപ്പറയുന്ന സ്രോതസ്സുകളിൽനിന്ന് നിറവേറ്റാനാകുമെന്നാണ് കരുതുന്നത് :

LIBRARY ARCHIVES Kerala Legislative Assembly